VI റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കു വേണ്ടി ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി സമർപ്പിക്കുന്നു.

(2) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. തോമസ് ചാഴികാടൻ : സർ, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി : സർ, ബി.സി.-യുടെ റിപ്പോർട്ട് കൂടുതൽ പരിഗണനയ്ക്കായി ബി.എ.സി.-ക്കു തന്നെ തിരിച്ചയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കാര്യോപദേശക സമിതി കൂടിയപ്പോൾ ഞങ്ങൾ പറഞ്ഞിരുന്നത് ഒരു ദിവസം രണ്ടു ബില്ലുകളിൽക്കൂടുതൽ ചർച്ചയ്ക്ക് വയ്ക്കരുതെന്നാണ്. രണ്ട് ബില്ലുകൾ ഞങ്ങൾ സമ്മതിച്ചതുതന്നെ സഭയിൽ ബിസിനസ് നടന്നോട്ടെ എന്ന നിലയിലാണ്. വാസ്തവത്തിൽ രണ്ട് ബില്ലുകൾ പൂർണ്ണമായി ഒരു ദിവസംകൊണ്ട് പാസ്സാക്കാൻ പറ്റുകയില്ല. അപ്പോൾ മൂന്ന് ബില്ലുകൾ വച്ചുകൂടേ എന്ന നിർദ്ദേശം വന്നപ്പോൾ ഞങ്ങൾ വളരെ ഖണ്ഡിതമായി യാതൊരു കാരണവശാലും മൂന്ന് ബില്ലുകൾ വയ്ക്കരുത്, അത് തെറ്റാണ്, നിയമസഭയ്ക്ക് അതിനുള്ള സൗകര്യം തരണം, മെമ്പർമാരുടെ അവകാശങ്ങൾ പരിരക്ഷിക്കണം എന്നു പറഞ്ഞതാണ്. ഇപ്പോൾ അതിന് വിപരീതമായി 29-ാം തീയതി മൂന്ന് ബില്ലുകൾ വച്ചിരിക്കുന്നു. 30-ാം തീയതി മൂന്ന് ബില്ലുകൾ വച്ചിരിക്കുന്നു. ഞങ്ങൾ പറഞ്ഞ അഭിപ്രായത്തിന് വളരെ വിപരീതമായിട്ടാണ് ഇത്. ഈ നിലയ്ക്ക് ഇത് ഞങ്ങൾക്ക് അംഗീകരിച്ചുതരാൻ കഴിയുകയില്ല. മൂന്ന് ബില്ലുകളുടെ ചർച്ച പ്രായോഗികമല്ല, അങ്ങനെ അടിച്ചേൽപ്പിക്കുന്നത് ശരിയല്ല. ബില്ലുകളുടെ കാളിറ്റി തന്നെ നന്നാവില്ല. ദോശ ചുടുന്നതുപോലെ ഓരോ നിയമം പാസ്സാക്കി പോകുകയാണ്. ഇന്നലത്തെ കാര്യമെടുത്താൽ, ശരിയാണ് ഇന്നലെ നിയമസഭയിൽ ബഹളമുണ്ടായി. ബഹളമുണ്ടായത് എന്തുകൊണ്ടാണ്? നിയമന തട്ടിപ്പ് നടന്നിട്ട് ഞങ്ങൾ അതേപ്പറ്റി ശബ്ദിച്ചില്ലെങ്കിൽ അത് വിഷമമാണ്. അതിനിടയിൽ രണ്ട് ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു. എന്തെങ്കിലും ചർച്ച ചെയ്തോ? ഇനി അത് തിരിച്ചു വരും. തിരിച്ചുവരുമ്പോൾ എങ്ങനെ? വല്ല ചർച്ചയുമുണ്ടോ? ചർച്ചയില്ലാതെ നിയമങ്ങൾ പാസ്സാക്കുകയാണ്. ഒറ്റക്കാര്യമേയുള്ളൂ. മൂന്ന് ബില്ലുകൾ ഒരു ദിവസം പാസ്സാക്കുകയെന്നുള്ളത് ശരിയായ നടപടിയല്ല. നിയമസഭയെ നിങ്ങൾ അങ്ങനെ നോക്കുകുത്തികളാക്കി ഇരുത്തരുത്. അതുകൊണ്ട് എന്റെ അഭ്യർത്ഥന ഇത് അമെന്റ് ചെയ്യണം. രണ്ട് ബില്ലുകളേ പറ്റുകയുള്ളൂ. 29-ാം തീയതിയും 30-ാം തീയതിയും മൂന്ന് ബില്ലുകൾ വച്ചിരിക്കുന്നത് ശരിയല്ല. എന്റെ കക്ഷി അതിനെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly